150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം: വിവിധ പ്രോഗ്രാമുകളുടെ റഗുലേഷൻ, സ്കീം, സിലബസ് തുടങ്ങിയ അക്കാദമിക വിഷയങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2884/AD A1/2023/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 13.03.2023

---

*പരാമർശം:*-രജിസ്ട്രാറുടെ 22.02.2023-ലെ രജി./2/28/2023 നം. കുറിപ്പ്, വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**ഉത്തരവ്**

പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ചുള്ള റഗുലേഷൻ, സ്കീം, സിലബസ് തുടങ്ങിയ അക്കാദമിക വിഷയങ്ങളുമായി ബന്ധപ്പെട്ട് പരീക്ഷാ വിഭാഗത്തിൽ നിന്നും ഫയലുകൾ നേരിട്ട് വൈസ് ചാൻസലർക്ക് നൽകി ഉത്തരവ് നേടിയതിന് ശേഷം പരീക്ഷ വിഭാഗത്തിൽ നിന്നും സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ, മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട്, ഫയലുകൾ അക്കാദമിക് കൗൺസിലിലേക്ക് സമർപ്പിച്ചതിനു ശേഷം പരീക്ഷാ വിഭാഗത്തിൽ നിന്നും സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുന്നതായും കണ്ടുവരുന്നു. സർവ്വകലാശാലയുടെ അക്കാദമിക് വിഭാഗം കൈകാര്യം ചെയ്യുന്ന ഇത്തരം വിഷയങ്ങൾ ബന്ധപ്പെട്ട അക്കാദമിക് സെക്ഷനുകളുടെ പരിശോധനയും ശുപാർശകളും കൂടാതെ ഉത്തരവാകുന്നതും, പ്രോഗ്രാമുകളുടെ സിലബസ്, സ്കീം, റഗുലേഷൻ എന്നിവയിൽ അക്കാദമിക വിഭാഗത്തിന്റെ അറിവോ പരിശോധനയോ കൂടാതെ മാറ്റങ്ങളും ഭേദഗതികളും ഉണ്ടാകുന്നത് അക്കാദമിക വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതും മറ്റ് അനവധി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. ആയതിനാൽ, അക്കാദമിക്, പരീക്ഷാ വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് മേൽപരാമർശം പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ചുള്ള റഗുലേഷൻ, സ്കീം, സിലബസ് തുടങ്ങിയ അക്കാദമിക വിഷയങ്ങളിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഫയലുകൾ പരീക്ഷാ വിഭാഗത്തിൽ നിന്നും നേരിട്ട് വൈസ് ചാൻസലർക്ക് നൽകുവാൻ പാടുള്ളതല്ല. ഇത്തരത്തിലുള്ള ഫയലുകൾ പരീക്ഷാ വിഭാഗത്തിൽ നിന്നും രജിസ്ട്രാർ മുഖേന ബന്ധപ്പെട്ട അക്കാദമിക് സെക്ഷനിലേക്ക് നൽകേണ്ടതാണ്.
2. ബന്ധപ്പെട്ട അക്കാദമിക് സെക്ഷനുകൾ ഇവയിൽ വിശദമായ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റികൾ, അക്കാദമിക് കൗൺസിൽ എന്നീ സമിതികളുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുന്ന വിഷയങ്ങളിൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ചതിന് ശേഷം ബന്ധപ്പെട്ട അക്കാദമിക് സെക്ഷനുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ.
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ 1/2
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #194 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 13-Mar-2023 04:33 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം